# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏറത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി10/1237/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/12/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി10/1237/2022 തീയ്യതി: 12/12/2022

## പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-11-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ . എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റ്റി.അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.അരുൺ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽ കുമാർ..പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരികുമാർ.എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സന്തോഷ് ചാത്തന്നൂപ്പുഴ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സുചിത്രാ ദേവി എം. | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി. ലക്ഷ്മി. ഡി | സെക്രട്ടറി | 29-06-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷൈലജ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-03-2022 |
| ശ്രീ. ഉല്ലാസ്.ബി | അസിസ്റ്റന്റ് സെക്രട്ടറി | 08-03-2022 | 31-03-2022 |
| ശ്രീ. ഉദീഷ്. യു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ദിവ്യ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. മോൻസി അലക്സ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അനിത. ജി | വെറ്ററിനറി സർജൻ (ഏറത്ത്) | 01-04-2021 | 31-03-2022 |
| ഡോ. ജൂലിയറ്റ്.ബി.പിള്ളൈ | വെറ്ററിനറി സർജൻ (വയല) | 01-04-2021 | 31-03-2022 |
| ശ്രീ. മനു നരേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്യാമള.വി.ആർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 15-09-2021 |
| ശ്രീമതി. ജയശ്രീ | ഹെഡ്മിസ്ട്രസ് | 16-09-2021 | 31-03-2022 |
| ശ്രീ. ഷിബു മോൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സജിനാ ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സജി.പി.വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബൃന്ദാ.എസ്.ജ്യോതി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 25-09-2021 |
| ശ്രീമതി. കവിതാ കൃഷ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-09-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-11 |
| 12 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 13 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-13 |
| 14 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 15 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല. | 1-15 |
| 16 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-16 |
| 17 | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് പൂർത്തീകരിച്ചില്ല | 1-17 |
| 18 | പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു | 1-18 |
| 19 | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല | 1-19 |
| 20 | പഞ്ചായത്ത് ഓഫിസ് കെട്ടിടം നിർമ്മാണം പാതി വഴിയിൽ | 1-20 |
| 21 | കോളനി വികസനത്തിന്റെ പേരിൽ ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചു; പദ്ധതികൾ മാത്രം ഇല്ല | 1-21 |
| 22 | അങ്കണവാടികളുടെ സ്ഥലം സ്വകാര്യ വ്യക്തികളുടെയും സംഘടനകളുടെയും പേരിൽ | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ | 1-23 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല | 1-24 |
| 25 | കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് ചെലവഴിച്ചില്ല | 1-25 |
| 26 | പഠനമുറി - അർഹത ഉറപ്പുവരുത്താതെ ആനുകൂല്യം നൽകി | 1-26 |

| | | |
|---|---|---|
| 27 | അഗതികൾക്ക് ക്ഷേമപ്പെൻഷൻ നൽകുന്നില്ല | 1-27 |
| 28 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല. | 1-29 |
| 30 | പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കു വരുത്തിയില്ല. പിഴപ്പലിശ ഇനത്തിൽ നഷ്ടം | 1-30 |
| 31 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി | 1-31 |
| 32 | വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

18-02-2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബഡ്ജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 14-03-22 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 6916346 |
| തൻവർഷ വരവ് | 246961536 |
| ആകെ വരവ് | 253877882 |
| ചെലവ് | 247708220 |
| നീക്കിയിരിപ്പ് | 6169662 |

## 1-2 വാർഷിക ധനകാര്യ പത്രിക

ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 11.07.2022-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഷെഡ്യൂൾ ബി.1.- Excess Of Income Over Expenditure ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.
2. ഷെഡ്യൂൾ ബി.3.-

   RP-41, 42 Capital Expenses ഷെഡ്യൂളുകൾ പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്നതിനും മൂലധനനിക്ഷേപത്തിനുമായി വിവിധ ഗ്രാന്റുകളിൽ നിന്നും 1836436/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിൽ കാണിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻവർഷ ബാലൻസ് ഷീറ്റിലെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
3. ഷെഡ്യൂൾ ബി.4.-

   A. കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ്, അൺടൈഡ് ഗ്രാന്റുകളുടെ ബാലൻസ് തുക രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

   B. സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരുപ്പ് തുകയും ഈയാവശ്യത്തിനുള്ള തുകകൾ സൂക്ഷിക്കുന്ന ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

   C. Grants, Funds & Contributions For Specific Purposes -Other Government Agencies എന്ന ശീർഷകത്തിലുള്ള 4058294 രൂപയിൽ ലൈഫ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി ലഭിച്ച തുക ഒഴികെ ബാക്കിയുള്ള തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

   D. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജി.ഐ.എസ്. മാപ്പിംഗിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 73852രൂപ Grants, Funds & Contributions For Specific Purposes-Nabard Assistance എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി. തുകയിൽ 27035രൂപ ചെലവഴിക്കപ്പെട്ടതാണ്.
4. ഷെഡ്യൂൾ ബി.7.-

   ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനത്തിലുള്ള ഡെപ്പോസിറ്റുകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ ബി.7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. ഷെഡ്യൂൾ ബി.9.-

   A. "Liability In Respect Of Stale Cheque" എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള തുക കൃത്യമല്ല.

   B. Government And Other Dues Payable -Value Added Tax ഇനത്തിൽ മുൻ വർഷ ബാലൻസ് ഷീറ്റിലുണ്ടായിരുന്ന 61614രൂപ തൻവർഷവും ബാധ്യതയായി നിലനിൽക്കുന്നു. ടി. തുക ഒടുക്ക് വരുത്തിയിട്ടില്ല.
6. ഷെഡ്യൂൾ ബി.11, I-17A-

   സ്ഥിര ആസ്തികൾക്ക് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
7. ഷെഡ്യൂൾ ബി.12 –

   അദർ ഇൻവെസ്റ്റ്മെന്റ്സ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 351113രൂപ ഏതിനത്തിലുള്ളതാണെന്ന്

വ്യക്തമാക്കിയിട്ടില്ല.

8. ഷെഡ്യൂൾ ബി.15.-

A. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ തൻവർഷ വസ്തുനികുതി ഡിമാന്റിൽ നിന്നും (I.1) തൻവർഷ കളക്ഷൻ (RP 45) കുറയ്ക്കുന്ന തുക ബാലൻസ് ഷീറ്റിലെ (B-15) തുകകളുമായി പൊരുത്തപ്പെടുന്നില്ല.

B. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി അരിയർ ഡിമാന്റിൽ നിന്നും (2020-21 Balance Sheet Schedule B.15) അരിയർ കളക്ഷൻ (RP 45) കുറയ്ക്കുന്ന തുക ബാലൻസ് ഷീറ്റിലെ (B-15) തുകകളുമായി പൊരുത്തപ്പെടുന്നില്ല.

C. നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ സേവനഉപനികുതി സർചാർജ്ജ് ഓൺ പ്രോപ്പർട്ടി ടാക്സ് എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

9. ഷെഡ്യൂൾ ബി.17.-

സി.എഫ്.സി. ഗ്രാന്റിനുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ (10420100336021) 31.03.2022-ലെ റീകൺസിലിയേഷൻ കൃത്യമല്ല.

10. ഷെഡ്യൂൾ ബി.18.-

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി., ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

11. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി.യുമായി പൊരുത്തപ്പെടുന്നില്ല.

12. ഷെഡ്യൂൾ ഐ.6- എൻ.ആർ.ഇ.ജി.എസ്. പദ്ധതിയ്ക്കായി ലഭിച്ച തുകയുടെ വിവരങ്ങൾ പി.എഫ്.എം.എസ്. സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

13. ഷെഡ്യൂൾ ഐ.14-പദ്ധതിച്ചെലവുകളുടെ വിവരങ്ങൾ കൃത്യമായ ശീർഷകങ്ങളിലല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.

മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാംഖ്യയിൽ നിന്നും ഐ .എൽ.ജി.എം.എസിലേക്ക് പോർട്ട് ചെയ്ത വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല .

പഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ്. നിലവിൽ വന്നത് 06.09.2021 മുതലാണ്. 04.09.2021-വരെ സാംഖ്യയിൽ രേഖപ്പെടുത്തിയിരുന്ന അക്കൗണ്ട്സ് പാസ്റ്റ് ഡാറ്റാ എൻട്രി എന്ന ഓപ്ഷൻ മുഖേന ഐ.എൽ.ജി.എം.എസ്.-ലേക്ക് പോർട്ട് ചെയ്തിരുന്നു. സാംഖ്യയിൽ നിന്നുള്ള 04.09.2021 വരെയുള്ള വാർഷിക കണക്കുകളും പോർട്ടിംഗിന് ശേഷം ഐ.എൽ.ജി.എം.എസിൽ നിന്നുള്ള 05.09.2021-ലെ വാർഷികകണക്കുകളും പരിശോധിച്ചതിൽ നിന്നും പല ശീർഷകങ്ങളിലും തുകകൾ തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Balance Sheet | | | | | |
|---|---|---|---|---|---|
| Sl.No | Code No | Description Of Items | Schedule No. | Amount As Per ILGMS | Amount As Per Sankhya |
| 1 | 310000000 | Panchayat (General) Fund | B-1 | 4064790 | 160735 |
| 2 | 320000000 | Grants, Funds And Contributions For Specific Purposes | B-4 | 15321041 | 15453441 |
| 3 | 350000000 | Other Liabilities | B-9 | -2762947 | 1283057 |
| 4 | 410000000 | Fixed Assets | B-11 | 1216840 | 97848466 |
| 5 | 412000000 | Capital Work-in-Progress | B-11(b) | 8206487 | 8480837 |
| | | | | | |
| | | Income & Expenditure Statement | | | |
| Sl.No | Code No | Description Of Items | Schedule No. | Amount As Per ILGMS | Amount As Per Sankhya |
| 1 | 140000000 | Fees & User Charges | I-4 | 172692 | 164308 |
| 2 | 150000000 | Sales & Hire Charges | I-5 | 111320 | 111320 |

| | | | | | |
|---|---|---|---|---|---|
| 3 | 210000000 | Establishment Expenses | I-10 | 6192805 | 6191595 |
| 4 | 230000000 | Operations & Maintenance | I-12 | 4099390 | 2950026 |
| 5 | 251000000 | Decentralised Plan Programme - Service Sector | I-14(A) | 7224775 | 6908441 |
| 6 | 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 3671920 | 2848500 |
| 7 | 255000000 | Maintenance Projects | I-14(E) | - | 1149364 |
| | | | | | |
| | | Receipt & Payment Statement | | | |
| Sl.No | Code No | Description Of Items | Schedule No. | Amount As Per ILGMS | Amount As Per Sankhya |
| 1 | 350000000 | Other Liabilities | RP-35 | 102697 | 102697 |
| 2 | 210000000 | Establishment Expenses | RP-12 | 2278401 | 2259026 |
| 3 | 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 1992835 | 108720 |
| 4 | 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 4150660 | 6908441 |
| 5 | 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 3916864 | 2848500 |
| 6 | 260000000 | Grants, Contributions And Compensations From Own Fund | RP-21 | 1011666 | 57000 |
| 7 | 320000000 | Grants, Funds & Contributions For Specific Purposes | RP-30 | 1500 | 3201084 |
| 8 | 350000000 | Other Liabilities | RP-35 | 4234417 | 3481018 |

ഇത്തരത്തിൽ തുകകൾ വ്യത്യാസപ്പെടാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16209432 |
| വരവ് | 127048047 |
| ആകെ | 143257479 |
| ചെലവ് | 122712820 |
| നീക്കിയിരിപ്പ് | 20544659 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17035209 | 17035209 | 15837530 | 1197679 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11189225 | 11189225 | 9841158 | 1348067 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6345030 | 6345030 | 3143862 | 3201168 (ലാപ്സായത്-948300, നീക്കിയിരുപ്പ്-2252868) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3717578 | 3717578 | 2103893 | 1613685 (ലാപ്സായത്-123, നീക്കിയിരുപ്പ്-1613562) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 50906000 | 50906000 | 41405106 | 9500894 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6259186 | 6259186 | 5725535 | 533651 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 3314485 | 473455 | 3787940 | 1070181 | 2717759 |
| ലൈഫ് മിഷൻ(സംസ്ഥാനവിഹിതം) | 3510924 | 1240000 | 4750924 | 2195349 | 2555575 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 2794 | 43552656 | 43555450 | 45546977 | -1991527 (ബാങ്ക്-50639, തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യാനുള്ളത്-2042166) |
| ഐ.സി.ഡി.എസ് | 324749 | 753764 | 1078513 | 800000 | 278513 |

## ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

A. പൊതുവിഭാഗം, എസ്.സി.പി വിഭാഗം വികസന ഫണ്ടുകളുടെ ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുക, അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി നൽകേണ്ട തുക എന്നിവ സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആകെ അലോട്ട്മെന്റ് തുക വരവായി എടുക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷം അനുവദിച്ച തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിട്ടുള്ളത്. തൻമൂലം വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് കൃത്യമല്ല. 31.03.2022-ലെ സ.ഉ.(സാധാ.)നം. 2617/22/ധന നമ്പർ ഉത്തരവ് പ്രകാരം 2020-21 വർഷത്തിൽ നിന്നും ക്യാരി ഓവർ ചെയ്ത് ലഭിച്ച റോഡിതര സംരക്ഷണ ഗ്രാന്റ് തുക (319968രൂപ) വരവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക (KURDFC ലോൺ തിരിച്ചടവ്, അങ്കണവാടി അധിക വേതനം) | | അനുവദിച്ച തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 17035209 | KURDFC ലോൺ തിരിച്ചടവ് | 2510167 | 13473842 | 13473842 |
| | | അങ്കണവാടി അധിക വേതനം | 1051200 | | |
| | | ആകെ | 3561367 | | |
| വികസന ഫണ്ട്-എസ്.സി.പി. | 11189225 | KURDFC ലോൺ തിരിച്ചടവ് | 569833 | 10619392 | 10619392 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6259186 | - | | 6259186 | 5939218 |

B. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2020-21-ലെ ബാലൻസ് ഇനത്തിൽ സ.ഉ.(സാധാ) നം.6591/2021/ധന തീയതി:07.10.2021 പ്രകാരം ടൈഡ് ഗ്രാന്റായി 1841030രൂപയും അൺടൈഡ് ഗ്രാന്റായി 715578രൂപയും അനുവദിച്ചിരുന്നു. ആയതിൽ ടൈഡ് ഗ്രാന്റ് 892730 രൂപയും അൺടൈഡ് ഗ്രാന്റ് 715455 രൂപയും ചെലവഴിക്കുകയും ബാക്കിത്തുക ലാപ്സാകുകയും ചെയ്തു. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ്, നീക്കിയിരുപ്പ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | | യഥാർത്ഥത്തിലുള്ളത് | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കിയിരുപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 6545030 | 3098930 | 3246100 | 6345030 | 3143862 | 3201168 (ലാപ്സായത്-948300 നീക്കിയിരുപ്പ്-2252868) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 3717578 | 3254582 | 462996 | 3717578 | 2103893 | 1613685 (ലാപ്സായത്-123 നീക്കിയിരുപ്പ്-1613562) |

C. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ്, നീക്കിയിരുപ്പ് തുകകൾ കൃത്യമല്ല. ആയത് വാർഷിക കണക്ക് പ്രകാരമുള്ള ഈയിനത്തിലെ വരവ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 301 | 180884762 | 208 | 99310003 | 93 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2794 | 1519497 | 1522291 | 3560635 | -2038344 (ബാങ്ക് -3822 തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യാനുള്ള തുക-2042166) |
| ജി.ഐ.എസ് മാപ്പിംഗിനായി ബി.പി.ഒ.യിൽ നിന്നും ലഭിച്ചത് | 0 | 73852 | 73852 | 27035 | 46817 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 41959307 | 41959307 | 41959307 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42360 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 1304700 | 85 |
| വികലാംഗ പെൻഷൻ | 17078900 | 351 |
| വാർദ്ധക്യകാലപെൻഷൻ | 38255900 | 2794 |
| വിധവപെൻഷൻ | 5354500 | 1141 |
| അവിവാഹിത പെൻഷൻ (Above 50) | 722400 | 52 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2022-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 11 A.m ന് നടത്തുകയുണ്ടായി. പരിശോധനയിൽ 20832 (ഇരുപതിനായിരത്തി എണ്ണൂറ്റി മുപ്പത്തിരണ്ട്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്.

ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷത്തേക്കുള്ള ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനു വേണ്ടി മാത്രമാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കൃഷിയും അനുബന്ധ മേഖലകളും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ ഒരു തവണ പോലും യോഗം ചേർന്നതിന്റെ മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല. മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾ ഓഡിറ്റ് വർഷം ഒരു പ്രാവശ്യം (30-12-2021) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷയുടെ നിരസിക്കൽ/സ്വീകരിക്കൽ എന്നിവയുടെ വിവരം ഗുണഭോക്താക്കളെ യഥാസമയം അറിയിക്കുന്നില്ല. ക്ഷേമപെൻഷനുകൾ വാങ്ങിവരവെ മരണപ്പെട്ട് പോകുന്ന ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് അവരുടെ ക്ഷേമപെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യുന്നില്ല. ഇക്കാരണത്താൽ തുടർന്നും അവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തെറ്റായി നൽകിവരുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. 2022 മെയ് മാസമാണ് മരണപ്പെട്ട് പോയ ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ അക്കൗണ്ട് ഒരുമിച്ച് സസ്പെന്റ് ചെയ്തത്. സേവന പെൻഷൻ സോഫ്റ്റ് വെയറിൽ പെൻഷൻ അനുവദിച്ച കമ്മിറ്റി തീരുമാന നമ്പർ, തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

തൊഴിൽ നികുതി, ലൈസൻസ് എന്നീ ഇനങ്ങളിലുള്ള അഡ്വാൻസ് തുക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഏതിനത്തിലുള്ള ഡെപ്പോസിറ്റ് ആണെന്ന് ഇനം തിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല.
ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുന്നതിന് സംവിധാനമില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള അംഗൻവാടികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്യൂട്ട് രജിസ്റ്ററിലെ ആവശ്യമായ എല്ലാ കോളങ്ങളും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വിവരാവകാശ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയില്ല.

പൊതുടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള ചെലവ് നിയന്ത്രിക്കുന്നതിന് ശ്രമം ഉണ്ടായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2015 മുതൽ 12-01-2016 വരെ | 2010-11– 2014-15 | 04-03-2016 |
| പെർഫോമൻസ് ഓഡിറ്റ് | 15-06-2022 മുതൽ 10-06-2022 വരെ | 01/2022– 03/2022 | 16-06-2022 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd |
| 2 | പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | തുവയൂർ വടക്ക് ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | അക്ഷയസെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 5 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 6 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല | 1st & 2nd |
| 7 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല | 1st & 2nd |
| 8 | ഔഷധി ആയുർവ്വേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ | 1st & 2nd |
| 9 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 10 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല | 1st & 2nd |
| 11 | ആഞ്ജനേയ ആയുർവ്വേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 12 | ശ്രീ വിശാഖ് ആയുർവ്വേദ ഹോസ്പിറ്റൽ, തുവയൂർ നോർത്ത് | 1st & 2nd |
| 13 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല | 1st & 2nd |
| 14 | മെഡിടെസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 15 | കാർത്തിക ഹോമിയോപതിക്ക് ഡിസ്പെൻസറി | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd |
| 2 | പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | തുവയൂർ വടക്ക് ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | അക്ഷയസെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 5 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല | 1st & 2nd |

| | | |
|---|---|---|
| 6 | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് | 1st & 2nd |
| 7 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല | 1st & 2nd |
| 8 | ഔഷധി ആയുർവ്വേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ | 1st & 2nd |
| 9 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 10 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല | 1st & 2nd |
| 11 | ആഞ്ജനേയ ആയുർവ്വേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ,വടക്കടത്ത്കാവ് | 1st & 2nd |
| 12 | വൈദ്യരത്നം ആയുർവ്വേദ ക്ലിനിക്ക് (തപസ്യ), വെള്ളക്കുളങ്ങര | 1st & 2nd |
| 13 | ശ്രീ വിശാഖ് ആയുർവ്വേദ ഹോസ്പിറ്റൽ, ഉവയൂർ നോർത്ത് | 1st & 2nd |
| 14 | ഡോ. ജി. ഹോമിയോപതി സെന്റർ, മണക്കാല | 1st & 2nd |
| 15 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല | 1st & 2nd |
| 16 | മെഡിട്രസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 17 | മീനം ഇൻഡസ്ട്രീസ്, IV/723 | 1st & 2nd |
| 18 | ബിഷപ്പ് മൂർ കോളജ് , മണക്കാല | 1st & 2nd |
| 19 | പി. തോമസ്, മണക്കാല ക്വാറി വർക്ക്സ് | 1st & 2nd |
| 20 | എ.എസ്. ഹോളോബ്രിക്ക്സ്, XVII/573 | 1st & 2nd |
| 21 | എം.എം. ഹോളോബ്രിക്ക്സ്, VIII/42 | 1st & 2nd |
| 22 | പൂർവ്വിക ഫുഡ്സ്, XIII/517 | 1st & 2nd |
| 23 | അറേബ്യൻ ബേക്കറി & സൂപ്പർമാർക്കറ്റ്, 3/264, 265, 273, 274 | 1st & 2nd |
| 24 | എം.ആർ. ഹോളോബ്രിക്ക്സ്, I/553 | 1st & 2nd |
| 25 | ടേസ്റ്റി ഫുഡ്സ്, XV/208 | 1st & 2nd |
| 26 | ആയുഷ് മോഡേൺ ഇന്റീരിയേഴ്സ്, VI/166, 167 | 1st & 2nd |
| 27 | ഗോൾഡൻസ്റ്റാർ ഇന്റീരിയേഴ്സ്, VI/530 | 1st & 2nd |
| 28 | എസ്.കെ. ആട്ടോടെക്ക്, VI/662 | 1st & 2nd |
| 29 | ക്രിസ്റ്റൽ ബയോകെയർ, XIV/343 | 1st & 2nd |
| 30 | ട്രാവൻകൂർ ടിംബേഴ്സ്, IX/16,17,18 | 1st & 2nd |
| 31 | കിക്കോ ബിസിനസ്സ് കോർപ്പറേഷൻ, II/396 | 1st & 2nd |
| 32 | ബെൻ ഗ്രൂപ്പ്, XIII/80 | 1st & 2nd |
| 33 | പി.എം.ഇൻഡസ്ട്രീസ്, XVII/147,148,149 | 1st & 2nd |
| 34 | സൂര്യ ഫുഡ്സ്, II/584 | 1st & 2nd |
| 35 | അടൂർ ഒ.ബി.സി. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1st & 2nd |
| 36 | ത്രിവേണി ക്ലബ് സോഡ & സോഫ്റ്റ് ഡ്രിങ്ക് യൂണിറ്റ്, XV/49A | 1st & 2nd |
| 37 | തലശ്ശേരി മജ്‌ലിസ്, VIII/112 | 1st & 2nd |
| 38 | ലോഗോസ് പ്രസ്, III/660 | 1st & 2nd |
| 39 | ടെക്ക്നോ ഹോളോബ്രിക്ക്സ്, VI/118 | 1st & 2nd |
| 40 | യൂണിവേഴ്സലി എന്റർപ്രൈസസ്, I/553 | 1st & 2nd |
| 41 | മാതാ ടിംബർ വർക്ക്സ്, IV/43, 44 | 1st & 2nd |

| | | |
|---|---|---|
| 42 | ഗ്ലൈഡ്മാസ്റ്റർ ഇംപെക്സ്, III/740, 794 | 1st & 2nd |
| 43 | അശ്വതി മെറ്റൽ ലിങ്ക്സ്, III/494 | 1st & 2nd |
| 44 | ഇ.ഡി.എൽ. ഔട്ട് ഫിറ്റ്സ്, VIII/657A | 1st & 2nd |
| 45 | പി.കെ.റൂഫ് വേൾഡ്, X/484,485,486,487,488,478A | 1st & 2nd |
| 46 | പി.കെ.അസോസിയേറ്റ്സ്, II/237A | 1st & 2nd |
| 47 | ഡോ.അഞ്ജനാസ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, V/546,546A | 1st & 2nd |
| 48 | സ്പന്ദന | 1st & 2nd |
| 49 | വൈഷ്ണവം ഫ്യുവൽസ് | 1st & 2nd |
| 50 | പോലീസ് കാന്റീൻ, IV/478 | 1st & 2nd |
| 51 | ഡെൽഹിവെരി ലിമിറ്റഡ്, IV/219A | 1st & 2nd |
| 52 | സാബ്കോ ഇൻഡസ്ട്രീസ്, XIII/540 | 1st & 2nd |
| 53 | ശ്രീ. വെങ്കിടേശ്വര ഹെവി എക്വിപ്മെന്റ്സ് | 1st & 2nd |
| 54 | പോ ബിൽഡ്, IV/222 | 1st & 2nd |
| 55 | ജിയോ ടൈൽസ് & ബ്രിക്ക്സ്, XII/634 | 1st & 2nd |
| 56 | ലോട്ടസ് ലബോറട്ടറി, V/558 | 1st & 2nd |

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ |
| 2 | പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | അക്ഷയ സെന്റർ, വടക്കടത്ത്കാവ് |
| 4 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് |
| 5 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല |
| 6 | കാർത്തിക ഹോമിയോപതിക്ക് ഡിസ്പെൻസറി |
| 7 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല |
| 8 | ഔഷധി ആയുർവ്വേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ |
| 9 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 10 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല |

| | |
|---|---|
| 11 | ആഞ്ജനേയ ആയുർവ്വേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ, വടക്കടത്ത്കാവ് |
| 12 | ശ്രീ വിശാഖ് ആയുർവ്വേദ ഹോസ്പിറ്റൽ, തുവയൂർ നോർത്ത് |
| 13 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല |
| 14 | മെഡിട്രസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 15 | ഡോ.പി.വി.ജലജാമണി, ഹോമിയോ ഡിസ്പെൻസറി |
| 16 | ലൈഫ്കെയർ ഫിസിയോ തെറാപ്പി റിഹാബിലിറ്റേഷൻ സെന്റർ,6/509 |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-13 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2021-22 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് |
| 2 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല |
| 3 | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് |
| 4 | ഔഷധി ആയുർവ്വേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ |
| 5 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 6 | കാർത്തിക ഹോമിയോപതിക്ക് ഡിസ്പെൻസറി |
| 7 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല |
| 8 | ഔഷധി ആയുർവ്വേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ |
| 9 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 10 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല |
| 11 | ആഞ്ജനേയ ആയുർവ്വേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ, വടക്കടത്ത്കാവ് |
| 12 | ശ്രീ വിശാഖ് ആയുർവ്വേദ ഹോസ്പിറ്റൽ, തുവയൂർ നോർത്ത് |
| 13 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല |
| 14 | മെഡിട്രസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 15 | ഡോ.പി.വി.ജലജാമണി, ഹോമിയോ ഡിസ്പെൻസറി |
| 16 | ലൈഫ്കെയർ ഫിസിയോ തെറാപ്പി റിഹാബിലിറ്റേഷൻ സെന്റർ,6/509 |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന റോഡിന്റെ വീതി തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം കെട്ടിട ഉടമകൾക്ക് വസ്തുനികുതിയിൽ അനർഹമായ ഇളവ് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ പ്രഭാകരൻ നായർ, ശ്രീമതി വൽസലാകുമാരി, ചെങ്കിലേത്ത് വീട്, ചൂരക്കോട് എന്നിവരുടെ ഉടമസ്ഥതയിൽ ഏറത്ത് വില്ലേജ് , ബ്ലോക്ക് നമ്പർ 17-ൽ 327/7/1, 327/7/4 എന്നീ സർവ്വേ നമ്പരുകളിലായുള്ള 273ച.മീ. ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള 63.72ച.മീ. കെട്ടിടത്തിന് 10.08.2021-ൽ 12/304A, 304B, 304C എന്നീ നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 12-ാം വാർഡിൽ കിളിവയൽ ജംഗ്ഷനിൽ നിന്നും ചൂരക്കോട് പള്ളിമുക്കിലേക്കുള്ള റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 9 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുകയും അടിസ്ഥാന വസ്തുനികുതിയിൽ 20% അനർഹമായ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. ശ്രീ വർഗ്ഗീസ് ജോർജ്ജ്, അമ്പാട്ട് വീട്, വയല എന്നിവരുടെ ഉടമസ്ഥതയിൽ ഏറത്ത് വില്ലേജ് , ബ്ലോക്ക് നമ്പർ 17-ൽ സർവ്വേ നം. 134/8-ലുള്ള 9294ച.മീ. ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള 97.54ച.മീ. കെട്ടിടത്തിന് 25.10.2021-ൽ 6/403A എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 6-ാം വാർഡിൽ കിളിവയൽ -വയല റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 9.50 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുകയും അടിസ്ഥാന വസ്തുനികുതിയിൽ 20% അനർഹമായ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ അനർഹമായ ഇളവ് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/29.10.2022) മറുപടിയായി ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതായും നടപ്പ് സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല.

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് കുടിശ്ശികയിനത്തിൽ വാർഷിക കണക്കുകൾ പ്രകാരം 5123981 രൂപ പിരിച്ചെടുക്കാനുണ്ട്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Ward No. | Door No. | Owner Address | Property Tax Arrear |
|---|---|---|---|---|
| 1 | 1 | 480 | Manager,Thapovan Public School,Manakala | 20382 |
| 2 | 1 | 703 | THE MANAGER(RELIANCE INFRATEL L.T.D | 131220 |
| 3 | 2 | 2 UA | Moli Solaman, Moli Bhavan,Vellakulangara | 6453 |
| 4 | 2 | 385 | Kuruvila Barsili, Cheruthon House | 5055 |
| 5 | 3 | 822 | Thomas Philip, Congrigation Of Jehovahs Witnesses Trust | 5670 |
| 6 | 6 | 519A | K P SURENDRAN PILLAI,SURABHI,KILIVAYAL | 5684 |
| 7 | 6 | 542B | A BABY, PLAVILAPADINJATTETHIL,KILIVAYAL | 10827 |
| 8 | 7 | 637 | Mathew Muthalali & Suji Thomas, Kallumpuram Tower,Vayala | 5964 |

| | | | | |
|---|---|---|---|---|
| 9 | 10 | 338 | Girija Devi, Kaniyamkonathu,Vayala | 9558 |
| 10 | 12 | 670 | Shaji, Shaji Bhavan | 6612 |
| 11 | 15 | 69 | Sudhakaran Pillai, Sreekalppam | 15309 |
| 12 | 15 | 208 | Arasukumar Muthuvairam, Arunalayam | 5468 |
| 13 | 15 | 248A | Rajendran, Abhi Bhavanam,Thuvayoor North | 7578 |
| 14 | 15 | 319 | N Sreejith, Sree Bhavanam, Anthichira | 5252 |
| 15 | 16 | 105 | Gopinathan, Jishnu Nivas | 8541 |
| 16 | 16 | 421 | Rathnamma S,Sindu Sadanam | 23328 |
| 17 | 16 | 422 | Rathnamma, Sandya Cahew Factory | 29529 |
| | | | Total | 302430 |

സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Ward No. | Door No. | Owner Address | Property Tax Arrear |
|---|---|---|---|---|
| 1. | 4 | 440 | The Commandant, K A P 3rd Battaliyan | 1277 |
| 2. | 4 | 441 | The Commandant, K A P 3rd Battaliyan | 7655 |
| 3. | 4 | 442 | The Commandant, K A P 3rd Battaliyan | 7018 |
| 4. | 4 | 443 | The Commandant, K A P 3rd Battaliyan | 27642 |
| 5. | 4 | 444 | The Commandant, K A P 3rd Battaliyan | 3270 |
| 6. | 4 | 445 | The Commandant, K A P 3rd Battaliyan | 3270 |
| 7. | 4 | 446 | The Commandant, K A P 3rd Battaliyan | 1150 |
| 8. | 4 | 447 | The Commandant, K A P 3rd Battaliyan | 39 |
| 9. | 4 | 448 | The Commandant, K A P 3rd Battaliyan | 3270 |
| 10. | 4 | 449 | The Commandant, K A P 3rd Battaliyan | 3270 |
| 11. | 4 | 450 | The Commandant, K A P 3rd Battaliyan | 1944 |
| 12. | 4 | 451 | The Commandant, K A P 3rd Battaliyan | 1944 |
| 13. | 4 | 452 | The Commandant, K A P 3rd Battaliyan | 3270 |
| 14. | 4 | 453 | The Commandant, K A P 3rd Battaliyan | 3270 |
| 15. | 4 | 454 | The Commandant, K A P 3rd Battaliyan | 34020 |
| 16. | 4 | 455 | The Commandant, K A P 3rd Battaliyan | 1944 |
| 17. | 4 | 456 | The Commandant, K A P 3rd Battaliyan | 27642 |
| 18. | 4 | 457 | The Commandant, K A P 3rd Battaliyan | 2187 |
| 19. | 4 | 458 | The Commandant, K A P 3rd Battaliyan | 3735 |
| 20. | 4 | 459 | The Commandant, K A P 3rd Battaliyan | 3270 |
| 21. | 4 | 460 | The Commandant, K A P 3rd Battaliyan | 3270 |
| 22. | 4 | 461 | The Commandant, K A P 3rd Battaliyan | 3270 |
| 23. | 4 | 462 | The Commandant, K A P 3rd Battaliyan | 3270 |
| 24. | 4 | 466 | The Commandant, K A P 3rd Battaliyan | 3427 |
| 25. | 4 | 467 | The Commandant, K A P 3rd Battaliyan | 3427 |
| 26. | 4 | 468 | The Commandant, K A P 3rd Battaliyan | 3427 |
| 27. | 4 | 469 | The Commandant, K A P 3rd Battaliyan | 3427 |
| 28. | 4 | 470 | The Commandant, K A P 3rd Battaliyan | 3427 |
| 29. | 4 | 471 | The Commandant, K A P 3rd Battaliyan | 3427 |

| | | | | |
|---|---|---|---|---|
| 30. | 4 | 472 | The Commandant, K A P 3rd Battaliyan | 3427 |
| 31. | 4 | 473 | The Commandant, K A P 3rd Battaliyan | 3427 |
| 32. | 4 | 474 | The Commandant, K A P 3rd Battaliyan | 1944 |
| 33. | 4 | 475 | The Commandant, K A P 3rd Battaliyan | 3427 |
| 34. | 4 | 477 | The Commandant, K A P 3rd Battaliyan | 3427 |
| 35. | 4 | 478 | The Commandant, K A P 3rd Battaliyan | 11178 |
| 36. | 4 | 479 | The Commandant, K A P 3rd Battaliyan | 3427 |
| 37. | 4 | 484 | The Commandant, K A P 3rd Battaliyan | 46170 |
| 38. | 4 | 485 | The Commandant, K A P 3rd Battaliyan | 24786 |
| 39. | 4 | 486 | The Commandant, K A P 3rd Battaliyan | 3402 |
| 40. | 4 | 487 | The Commandant, K A P 3rd Battaliyan | 3402 |
| 41. | 4 | 488 | The Commandant, K A P 3rd Battaliyan | 2916 |
| 42. | 4 | 490 | The Commandant, K A P 3rd Battaliyan | 6804 |
| 43. | 4 | 491 | The Commandant, K A P 3rd Battaliyan | 1944 |
| 44. | 4 | 492 | The Commandant, K A P 3rd Battaliyan | 1944 |
| 45. | 4 | 493 | The Commandant, K A P 3rd Battaliyan | 1944 |
| 46. | 4 | 494 | The Commandant, K A P 3rd Battaliyan | 1944 |
| 47. | 4 | 496 | The Commandant, K A P 3rd Battaliyan | 1701 |
| 48. | 4 | 497 | The Commandant, K A P 3rd Battaliyan | 6804 |
| 49. | 4 | 499 | The Commandant, K A P 3rd Battaliyan | 24 |
| 50. | 4 | 500 | The Commandant, K A P 3rd Battaliyan | 6804 |
| 51. | 4 | 501 | The Commandant, K A P 3rd Battaliyan | 1944 |
| 52. | 4 | 502 | The Commandant, K A P 3rd Battaliyan | 1944 |
| 53. | 4 | 503 | The Commandant, K A P 3rd Battaliyan | 1458 |
| 54. | 4 | 504 | The Commandant, K A P 3rd Battaliyan | 1944 |
| 55. | 4 | 505 | The Commandant, K A P 3rd Battaliyan | 1944 |
| 56. | 4 | 506 | The Commandant, K A P 3rd Battaliyan | 1944 |
| 57. | 4 | 507 | The Commandant, K A P 3rd Battaliyan | 1944 |
| 58. | 4 | 508 | The Commandant, K A P 3rd Battaliyan | 1944 |
| 59. | 4 | 509 | The Commandant, K A P 3rd Battaliyan | 1944 |
| 60. | 4 | 510 | The Commandant, K A P 3rd Battaliyan | 1944 |
| 61. | 4 | 511 | The Commandant, K A P 3rd Battaliyan | 1277 |
| 62. | 4 | 512 | The Commandant, K A P 3rd Battaliyan | 1944 |
| 63. | 4 | 513 | The Commandant, K A P 3rd Battaliyan | 1944 |
| 64. | 4 | 514 | The Commandant, K A P 3rd Battaliyan | 1944 |
| 65. | 4 | 515 | The Commandant, K A P 3rd Battaliyan | 1944 |
| 66. | 3 | 481 | Village Office,Vadakkadathukavu | 7839 |
| 67. | 8 | 281 | Kerala Water Authority,Puthusseribhagom | 9585 |
| | | | Total | 357736 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/29.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽനിന്ന് 357പൊതുടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നുണ്ട്. 164012രൂപയാണ് പ്രതിമാസ വെള്ളക്കരം. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് 04.03.2022ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത തീരുമാനപ്രകാരമുള്ള തുടർനടപടി സ്വീകരിക്കാതിരുന്നതിനാൽ എല്ലാ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. ജലജീവൻ മിഷൻ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണെന്നും, ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. ഗാർഹിക കണക്ഷൻ നൽകുകയും, സംയുക്ത പരിശോധന നടത്തി, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കണ്ടെത്തി , അവ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

## 1-17 തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് പൂർത്തീകരിച്ചില്ല

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായില്ല. കെഎസ്ഇബി ഏനാത്ത് സെക്ഷൻ പരിധിയിലുള്ള തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അടൂർ സെക്ഷൻ പരിധിയിൽ മീറ്ററിംഗിനായി ചുവടെ പറയും പ്രകാരമുള്ള തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും മീറ്ററിംഗ് പൂർത്തിയായില്ല.

| വർഷം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|---|
| 2017-18 | 01 | തെരുവുവിളക്കുകൾക്ക് മീറ്റർ | 848000 |
| 2020-21 | 381 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - കണക്ഷൻ തുക ഡെപ്പോസിറ്റ് ചെയ്യൽ | 135360 |
| ആകെ | | | 983360 |

തുക ഒടുക്കിയിട്ടും മീറ്റർ സ്ഥാപിക്കാതിരുന്നതിനാൽ അടൂർ സെക്ഷനിൽ 40199രൂപയാണ് പ്രതിമാസം ഫിക്സഡ് വൈദ്യുത ചാർജ്ജ് ഒടുക്കിവരുന്നത്. മീറ്ററിന്റെ അഭാവത്തിൽ, പ്രവർത്തന രഹിതമായ വിളക്കുകൾക്കും, നിലവിൽ ഉപയോഗത്തിലില്ലാത്തതും ഉയർന്ന ഊർജ്ജ ഉപഭോഗമുള്ളതുമായ മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം വേപ്പർ ലാമ്പ്, 100W, 60W ബൾബുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവയ്ക്കും തുക ഒടുക്കുന്ന സ്ഥിതിയാണ്. മീറ്ററിഗ് നടപടികൾ ഊർജ്ജിതമാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു

ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഓഡിറ്റ് കാലയളവിൽ മരണപ്പെട്ട ചുവടെ ചേർക്കുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രെഡിറ്റ് ചെയ്തു വരുന്നതായി വ്യക്തമായി. ഈ ഇനത്തിൽ 80300 രൂപയുടെ നഷ്ടമാണ് പൊതു ഖജനാവിനുണ്ടായിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ, തീയതി | മരണശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശ്രീ കുഞ്ഞുകുഞ്ഞ് എ. മദന നിവാസ്, മണക്കാല | 104170201032 | 30/11/2021 | 524/2021 16/12/2021 (അടൂർ നഗരസഭ) | 6000 | കാർഷിക പെൻഷൻ ഗുണഭോക്താവ് |
| 2 | ശ്രീമതി തേവി പീലിക്കോട് പുതുശ്ശേരിഭാഗം, വയല | 104170201609 | 31/03/2021 | 122/2021 07/04/2021 (അടൂർ നഗരസഭ) | 28800 | |
| 3 | ശ്രീമതി ചന്ദ്രകുമാരി വല്യത്ത് കിഴക്കേതിൽ | 104170201979 | 14/10/2020 | 345/2020 345/2020 (അടൂർ | 37500 | |

| | | | | | | |
|---|---|---|---|---|---|---|
| | വയല പി.ഒ., ഏനാത്ത് | | | നഗരസഭ) | | |
| 4 | ശ്രീ കരുണാകരക്കുറുപ്പ് ആമ്പാടിയിൽ, ചൂരക്കോട് | 104170201920 | 14/04/2021 | 289/2021 22/04/2021 (കോഴഞ്ചേരി പഞ്ചായത്ത്) | 8000 | 2021 സെപ്റ്റംബറിൽ അക്കൗണ്ട് ക്ലോസ് ചെയ്തു |
| 5 | ശ്രീ സ്വാമിനാഥൻ കെ. ചെളിക്കുഴിവടക്കേക്കര പുത്തൻ വീട്, വയല | 104170201022 | 08/06/2020 | 331/2020 23/06/2020 (കോഴഞ്ചേരി പഞ്ചായത്ത്) | 42800 | |
| | ആകെ | | | | 80300 | |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/27.10.22) സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

ടി പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ കൈപ്പറ്റിയ തുക അവരിൽനിന്നും തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്നെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). പ്രാദേശിക സർക്കാരിൽനിന്ന് മരണ സർട്ടിഫിക്കറ്റ്/പുനർവിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന നടപടിക്രമങ്ങളും പെൻഷൻ ഡാറ്റാ ബേസും ആധാർ നമ്പരും ബന്ധിപ്പിച്ച് മരണപ്പെട്ട/പുനർവിവാഹം ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനുശേഷവും, സർക്കാർ നിഷ്കർഷിച്ചിരുന്ന പ്രകാരം ഇവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ വീഴ്ചയുണ്ടായി. ഭൂരിപക്ഷം സംഗതികളിലും പെൻഷണർമാരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനുശേഷം വർഷങ്ങൾക്ക് ശേഷമാണ് പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം ഗുണഭോക്താക്കളുടെ മരണശേഷവും ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുകയും, ആയത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ ഇടയാകുകയും ചെയ്തു. ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ 8.99 ലക്ഷം രൂപയുടെ നഷ്ടം ഈ ഇനത്തിൽ പൊതു ഖജനാവിന് ഉണ്ടായിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം., തീ. | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | മരണശേഷം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ഡാനിയേൽ പുത്തളേത്ത് പടിഞ്ഞാറ്റതിൽ, തുവയൂർ വടക്ക്, മണക്കാല | 104170200965 | 01/04/2020 | 66/2020 07/05/2020 | 17/01/2022 | 32400 |
| 2 | വെളുമ്പൻ തേവോട്ടുവീട്, വടക്കടത്തുകാവ് | 104170201187 | 27/04/2020 | 78/2020 09/06/2020 | 13/05/2022 | 36100 |
| 3 | എലിസബത്ത്തോമസ്, കണ്ണാടിയ്ക്കൽവീട്, മണക്കാല | 104170202278 | 17/06/2020 | 102/2020 13/07/2020 | 13/05/2022 | 34300 |
| 4 | വാസുദേവൻ ഇല്ലികുളത്തുതെക്കേതിൽ, ചൂരക്കോട് | 104170200165 | 27/04/2020 | 94/2020 06/07/2020 | 13/05/2022 | 37300 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഈശ്വരിയമ്മ<br>പ്ലാവിളയിൽവീട്, പുതുശ്ശേരിഭാഗം, വയലാ | 104170200647 | 05/04/2020 | 85/2020<br>22/06/2020 | 13/05/2022 | 37300 |
| 6 | തങ്കമ്മ<br>മൂവക്കോട്, തുവയൂർനോർത്ത്, മണക്കാല<br>Pensioner Of KCWR&W Fund Board | 104170201695 | 19/07/2019 | 89/2019<br>01/08/2019 | 13/05/2022 | 19800 |
| 7 | ആദിച്ചൻ<br>പുത്തൻവിള,പുതുശ്ശേരിഭാഗം, വയലാ | 104170200480 | 08/02/2020 | 44/2020<br>12/03/2020 | 13/05/2022 | 38800 |
| 8 | ശകുന്തളദേവി<br>സുരേഷ്ഭവനം,ചൂരക്കോട് | 104170202332 | 14/07/2020 | 105/2020<br>23/07/2020 | 13/05/2022 | 32200 |
| 9 | ചന്ദ്രശേഖരൻനായർ<br>സുരേഷ് ഭവൻ, ചാത്തന്നൂപ്പുഴ, ചൂരക്കോട് | 104170200924 | 17/12/2019 | 1/2020<br>01/01/2020 | 13/05/2022 | 43300 |
| 10 | അന്നമ്മ<br>അമ്പലത്തിൽവീട്, കിളിവയൽ, വടക്കത്തുകാവ് | 104170201797 | 25/03/2020 | 59/2020<br>06/05/2020 | 13/05/2022 | 38800 |
| 11 | പങ്കജാക്ഷൻ നായർ<br>അർച്ചന, തുവയൂർ വടക്ക്, മണക്കാലാ | 104170200102 | 23/01/2020 | 28/2020<br>19/02/2020 | 13/05/2022 | 41800 |
| 12 | കൊച്ചുചെറുക്കൻ<br>ശാന്തഭവൻ, പുതുശ്ശേരിഭാഗം, വയലാ | 104170200338 | 26/09/2020 | 147/2020<br>22/10/2020 | 13/05/2022 | 29500 |
| 13 | മറിയാമ്മ<br>ചരുവിളപുത്തൻവീട്, തുവയൂർവടക്ക്, മണക്കാല | 104170201018 | 29/01/2020 | 29/2020<br>19/02/2020 | 13/05/2022 | 41800 |
| 14 | ഗൗരി<br>തെക്കൻചേരിൽവീട്, വടക്കടത്തുകാവ് | 104170200923 | 06/11/2020 | 171/2020<br>25/11/2020 | 13/05/2022 | 28300 |
| 15 | യോഹന്നാൻ<br>ബഥേൽ വീട്,പുതുശ്ശേരിഭാഗം, വയലാ | 104170200420 | 13/06/2020 | 89/2020<br>22/06/2020 | 13/05/2022 | 34300 |
| 16 | പൊടിയൻ<br>കിളിയറകുന്നിൻപുറത്ത്, പുതുശ്ശേരിഭാഗം, വയലാ, പറക്കോട് P. O | 104170200461 | 31/01/2020 | 33/2020<br>27/02/2020 | 13/05/2022 | 39800 |
| 17 | പങ്കജാക്ഷിയമ്മ<br>കുഴികാലാ തെക്കോതിൽ,., ചൂരക്കോട്, | 104170201068 | 11/10/2020 | 154/2020<br>10/11/2020 | 13/05/2022 | 28300 |
| 18 | ലൂക്കോസ്<br>പാറവിള വീട്, ചൂരക്കോട്<br>Pensioner Of KCWR&W Fund Board | 104170100055 | 21/09/2020 | 140/2020<br>09/10/2020 | 13/05/2022 | 11400 |
| 19 | പൊന്നമ്മ<br>കുറ്റിപ്ലാവിൽവീട്, മണക്കാല | 104170600372 | 03/04/2020 | 65/2020<br>07/05/2020 | 13/05/2022 | 37400 |
| 20 | തങ്കമ്മമത്തായി<br>ബ്ലാഹയിൽ പുത്തൻവീട്, മണക്കാല | 104170600530 | 10/02/2020 | 34/2020<br>28/02/2020 | 13/05/2022 | 39800 |
| 21 | രാജി.ജി<br>കരുണാലയം,മണക്കാല | 104170600628 | 01/10/2020 | 139/2020<br>09/10/2020 | 13/05/2022 | 29500 |
| 22 | വി.ശശിധരൻ<br>ശരണ്യാ ഭവനം, | 104170202559 | 25/08/2021 | 86/2022<br>21/04/2022 | 13/05/2022 | 12800 |

| | | | | | | |
|---|---|---|---|---|---|---|
| | പുതുശ്ശേരിഭാഗം, ചൂരക്കാട് P. O | | | | | |
| 23 | ശോശാമ്മ മത്തായി<br>പുത്തൻവിളയിൽ വീട്, മണക്കാല | 104170201150 | 24/04/2021 | 74/2021<br>07/05/2021 | 13/05/2022 | 6400 |
| 24 | സാറാമ്മ വർഗ്ഗീസ്<br>കണ്ടത്തിൽ കിഴക്കേതിൽ ലിജോ വടക്കേത്തുകാവ് ജംഗ്ഷൻ P. O | 104170202710 | 20/09/2020 | 145/2020<br>16/10/2020 | 13/05/2022 | 29800 |
| 25 | ബേബി.റ്റി<br>ചാങ്ങൂട്ടിൽപടിഞ്ഞാറ്റതിൽ, കിളിവയൽ, വയലാ, പറക്കോട് P. O | 104170201540 | 22/12/2019 | 3/2020<br>03/01/2020 | 13/05/2022 | 43300 |
| 26 | മത്തായിതങ്കച്ചൻ<br>മണക്കാട്ടിൽ, മണക്കാല | 104170202279 | 16/02/2021 | 30/2021<br>25/02/2021 | 13/05/2022 | 9500 |
| 27 | ഈശോ കോശി<br>തറയശ്ശേരിൽ, വടക്കേത്തുകാവ് ജംഗ്ഷൻ P. O. | 104170200181 | 07/07/2021 | 107/2021<br>27/07/2021 | 13/05/2022 | 16000 |
| 28 | പൊടിയൻ<br>വാഴോട്ടുകുഴിചരുവിള, ചാത്തന്നൂപ്പുഴ<br>ചൂരക്കാട് P. O | 104170200085 | 05/06/2020 | 92/2020<br>25/06/2020 | 13/05/2022 | 34300 |
| 29 | ജോർജ്ജ് പി ജി<br>വിളയിൽപുത്തൻവീട്,<br>ചൂരക്കാട് P. O, | 104170202308 | 09/06/2020 | 87/2020<br>22/06/2020 | 13/05/2022 | 34800 |
| | ആകെ | | | | | 899100 |

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം.67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/29.10.22) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2019 മുതലുള്ള മരണ രജിസ്റ്ററിൽനിന്നും പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തി 13.05.22 തീയതിയിൽ പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് (75 പേർ) അറിയിച്ചു. ഇവരിൽനിന്നും തുക തിരികെ ഈടാക്കികൊണ്ടിരിക്കുന്നുവെന്നും ഇതുവരെ 304554 രൂപ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും, മുഴുവൻ തുകയും തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചു.

തിരിച്ച് പിടിക്കാൻ അവശേഷിക്കുന്ന തുക ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും പൂർണ്ണമായും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് ഓഫിസ് കെട്ടിടം നിർമ്മാണം പാതി വഴിയിൽ

ഏറത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സ്ഥല പരിമിതിയിൽ ബുദ്ധിമുട്ടുന്ന പഞ്ചായത്തിന് ഹോമിയോ ആശുപത്രിയുടെ സമീപത്തായി പഞ്ചായത്ത് വക സ്ഥലത്ത് ആസ്ഥാന മന്ദിരം പണിയുന്നതിനുവേണ്ടി 2016-17 വർഷം ആരംഭിച്ച തുടങ്ങിയ നിർമ്മാണമാണ് പൂർത്തിയാകാതെ കിടക്കുന്നത്. കെട്ടിടത്തിന്റ ഒന്നാം ഘട്ട നിർമ്മാണത്തിനായി 50 ലക്ഷം രൂപ മുൻ ഭരണ സമിതി അനുവദിച്ചിരുന്നു. ഒന്നാം നില വാർക്കുന്നതിനിടെ തട്ട് തകർന്ന് മേൽക്കൂരയുടെ കുറച്ച് ഭാഗം തകർന്നു വീണതു കാരണം പണി മുടങ്ങി. പിന്നീട് തകർന്ന വീണ ഭാഗം പുനർനിർമ്മിച്ച് 4831315 രൂപയുടെ പ്രവൃത്തികൾ

പൂർത്തിയാക്കി. തുടർന്ന് 2021-22 സാമ്പത്തിക വർഷം 2802000 രൂപ പദ്ധതിയ്ക്കായി അനുവദിക്കുകയും, പ്രസ്തുത തുകയ്ക്കുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്തു. അടിത്തറ കെട്ടി, കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് ഒന്നാം നില വാർക്കുകയും, ഭിത്തി നിർമ്മിക്കുകയും മാത്രമാണ് ആറ് വർഷം എടുത്ത് പൂർത്തിയാക്കിയിട്ടുള്ളത്. 7220571 രൂപ ചെലവഴിച്ചു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് |
|---|---|
| 2017-18 | 2138911 |
| 2018-19 | 520282 |
| 2019-20 | 1862693 |
| 2020-21 | 228429 |
| 2021-22 | 2470256 |
| ആകെ | 7220571 |

നിലവിൽ നിർമ്മിച്ചിരിക്കുന്ന ഭാഗത്തിന്റെ പൂർണ്ണമായ പൂർത്തീകരണത്തിന് അൻപത് ലക്ഷം രൂപയും, മുകൾ നില നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പിന്നീട് ഈ പ്രോജക്ടിന് 30 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് അനുവദിച്ച തുകകൾ ചെലവഴിച്ചിട്ടുണ്ടെന്നും, ഘട്ടങ്ങളായി ഫണ്ട് അനുവദിക്കുന്നതിനാൽ കെട്ടിടത്തിന്റെ നിർമ്മാണം കൃത്യമായി ആസൂത്രണം ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കുന്നില്ലെന്നും അവശേഷിക്കുന്ന പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് ഒന്നിച്ച് കണ്ടെത്തിയെങ്കിൽ മാത്രമേ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്നുമാണ് അസി.എഞ്ചിനീയർ പറയുന്നത്. നിലവിൽ കെട്ടിടം തുടർ നിർമ്മാണമോ, സംരക്ഷണമോ ഇല്ലാതെ കാടു കയറിയ നിലയിലാണ്.



നിർമ്മാണത്തിലിരിക്കുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം

പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടത്തിൽ തിരിയാൻ സ്ഥലമില്ലാതെ ജീവനക്കാരും പൊതു ജനങ്ങളും ബുദ്ധിമുട്ടുകയാണ്. ഇതു കണക്കിലെടുത്താണ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ആത്മാർത്ഥ ശ്രമം അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പഞ്ചായത്ത് മതിയായ ഫണ്ട് അനുവദിക്കാത്തതാണ് നിർമ്മാണം ഇഴയുന്നതിന് കാരണമെന്നാണ് മനസ്സിലാകുന്നത്. കെട്ടിട നിർമ്മാണത്തിന് പൊതു ഖജനാവിൽനിന്നും ചെലവഴിച്ച 72.02 ലക്ഷം രൂപ ഫലശൂന്യമായി മുടങ്ങി കിടക്കുന്ന സ്ഥിതിയാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. മതിയായ ഫണ്ട് ഏതു വിധേനയും കണ്ടെത്തി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 കോളനി വികസനത്തിന്റെ പേരിൽ ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചു; പദ്ധതികൾ മാത്രം ഇല്ല

പഞ്ചായത്ത് പരിധിയിലുള്ള മുരുകൻ കുന്ന് കോളനിയിൽ പഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് ശ്രീ ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഇതുവരെ കോളനിയിലുള്ളവർക്ക് പ്രയോജനപ്പെട്ടിട്ടില്ല. അങ്കണവാടി കെട്ടിടം, സാംസ്കാരിക നിലയം, പട്ടികജാതി കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനകേന്ദ്രം എന്നിവ ലക്ഷ്യമിട്ടാണ് കെട്ടിടം നിർമ്മിച്ചത്. 2019 ഫെബ്രുവരിയിൽ ഈ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയതാണ്. എന്നാൽ കെട്ടിടത്തിന്റെ അടിഭാഗത്തായി അങ്കണവാടി തുടങ്ങിയതല്ലാതെ മുകൾ നിലയിലുള്ള 2 മുറികളും ഒരു ഹാളും ഉപയോഗപ്പെടുത്താതെ ഇട്ടിരിക്കുകയാണ്. രണ്ട് നില കെട്ടിടം പണിതുയർത്തിയെങ്കിലും ഈ കെട്ടിടത്തിൽ വൈദ്യുതിയും വെള്ളവുമില്ല. വയറിംഗ് നടത്തിയെങ്കിലും വൈദ്യുതി കണക്ഷൻ എടുത്തിട്ടില്ല. ഇവിടെ കിണറില്ലാത്തതിനാൽ വെള്ളവുമില്ല. വൈദ്യുതിയും, വെള്ളവുമുണ്ടെങ്കിലേ ഈ

കെട്ടിടത്തിൽ പഠന കേന്ദ്രവും, സാംസ്കാരിക നിലയവും തുടങ്ങാൻ കഴിയൂ. ഇതിനുള്ള നടപടിയൊന്നും കെട്ടിടത്തിന്റെ ഉടമസ്ഥരായ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.



ഏറത്ത് മുരുകൻ കുന്ന് കോളനിയിൽ ഉപയോഗിക്കാതെ ഇട്ടിരിക്കുന്ന കെട്ടിടം

മുരുകൻ കുന്ന് കോളനിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒട്ടേറെ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവർക്ക് പ്രയോജനപ്പെടുന്ന കമ്പ്യൂട്ടർ പഠന കേന്ദ്രം തുടങ്ങാൻ തുടക്കത്തിൽ തീരുമാനമെടുത്തിരുന്നെങ്കിലും പിന്നീട് അധികൃതർ ഇക്കാര്യത്തിൽ പിന്നോക്കം പോയതിനാൽ കമ്പ്യൂട്ടർ പഠന കേന്ദ്രം ലക്ഷ്യം കാണാതായി. കെട്ടിടം നിർമ്മിച്ചതിനുശേഷം ഇവിടെ പഠന കേന്ദ്രവും, സാംസ്കാരിക നിലയവും തുടങ്ങുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു ശ്രമവുമുണ്ടായിട്ടില്ലെന്നത് ഖേദകരമാണ്. പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി കെട്ടിടം ഉപയോഗപ്പെടുത്താതിരിക്കുന്നത് പദ്ധതി ഏറ്റെടുത്തതിലൂടെ കോളനിയിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനത്തിന്റെ ലംഘനംകൂടിയാണ്. പൊതു ഖജനാവിൽനിന്നും ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം വെറുതെ ഇടാതെ കോളനി നിവാസികൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് ഉത്തരവാദിത്തമുണ്ടെന്ന കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 അങ്കണവാടികളുടെ സ്ഥലം സ്വകാര്യ വ്യക്തികളുടെയും സംഘടനകളുടെയും പേരിൽ

ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം അങ്കണവാടികളും സ്വകാര്യ വ്യക്തികളുടെയും, സംഘടനകളുടെയും ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിൽ 24 അങ്കണവാടികളാണുള്ളത്. ഇവയെല്ലാം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 4 അങ്കണവാടികൾ മാത്രമാണ് റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതെന്നും, അവശേഷിച്ച 20 എണ്ണവും അങ്കണവാടികൾക്ക് സ്ഥലം വിട്ടു നൽകിയ സ്വകാര്യ വ്യക്തികളുടെയും, മഹിളാ സമാജങ്ങളുടെയും മറ്റും പേരിൽതന്നെയാണുള്ളതെന്നും ഐ.സി.ഡി.എസ്. സൂപ്പർ വൈസർ ഓഡിറ്റിനെ അറിയിച്ചു. അങ്കണവാടികൾ സ്ഥാപിക്കുന്നതിനായി കാലാകാലങ്ങളിൽ സ്വകാര്യ വ്യക്തികളും, സംഘടനകളും പഞ്ചായത്തിന് സൗജന്യമായി വിട്ടു നൽകിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ പേരിൽ കൂട്ടുന്നതിനോ കരം തീർക്കുന്നതിനോ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചില്ലെന്ന് വ്യക്തം. പഞ്ചായത്തിന് നിയമപരമായി ഉടമസ്ഥത സിദ്ധിക്കാത്ത സ്ഥലത്ത് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ച് കൈവശം വെച്ചത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. അങ്കണവാടി വക ഭൂമി റവന്യൂ രേഖകളിൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം ഒടുക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പശ്ചാത്തലമേഖലയിൽ ഫലക്ഷമത കുറഞ്ഞ അസംഖ്യം പ്രോജക്ടുകൾ നടപ്പിലാക്കുന്നു

പശ്ചാത്തല മേഖലയിൽ പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് കുറഞ്ഞ അടങ്കലുള്ളതും, ഫലക്ഷമത കുറഞ്ഞതുമായ പദ്ധതികളാണ് ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം 50 സ്പിൽ ഓവർ പ്രോജക്ടുകളും, 134 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 184 മരാമത്ത് പ്രോജക്ടുകളായിരുന്നു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പുതിയ 134 പ്രോജക്ടുകളിൽ 78 എണ്ണവും 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. 16 പ്രോജക്ടുകൾ മാത്രമായിരുന്നു 10 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുണ്ടായിരുന്നത്. വാർഡ്

അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നത്. പ്രോജക്ടുകളുടെ ബാഹുല്യം പ്രവൃത്തികളുടെ സമയബന്ധിതവും, കാര്യക്ഷമവുമായ നിർവ്വഹണത്തിന് തടസ്സമാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ചത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞതിൽ വിഷയം പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവിടങ്ങളിൽ അവതരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു.

(2) എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നതായി മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു . ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ 70% പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രോജക്ടു കൾ വ്യാപകമായി റിവൈസ് ചെയ്യുന്നത് പ്രവൃത്തികളുടെ നിർവ്വഹണം സങ്കീർണ്ണമാക്കുന്നു. ശരിയായ അന്വേഷണമോ, സൈറ്റ് പരിശോധനയോ ഇല്ലാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് ഇതിനു കാരണമെന്നാണ് വിലയിരുത്തുന്നത്. പ്രവൃത്തിയുടെ നിർവ്വഹണം ഏറെക്കുറെ പൂർത്തിയായതിനുശേഷമാണ് ഭൂരിപക്ഷം സംഗതിയിലും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യപ്പെട്ടത്. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവന ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ.)നം.17/2018/തസ്വഭവ, തീ.02.02.2018 ഖ.3.8.2). എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിച്ചശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ ശരിയല്ല.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞതിൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി ശക്തമായ കാലവർഷം കാരണം എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ ചെയ്ത പല റോഡുകൾക്കും നാശനഷ്ടം ഉണ്ടാകുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നും, ഇത്തരത്തിൽ സൈറ്റ് കണ്ടീഷനിൽ വന്ന മാറ്റങ്ങൾക്കനുസൃതമായാണ് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുള്ളതെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. എന്ത് തന്നെയായാലും പ്രവൃത്തികൾ ടെണ്ടർ ചെയ്തതിനുശേഷം എസ്റ്റിമേറ്റുകൾ വ്യാപകമായി, പ്രത്യേകിച്ചും ഒബ്സേർവ്ഡ് ഡാറ്റകൾ ഉൾപ്പെടുത്തി, റിവൈസ് ചെയ്യുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ്.

(3) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന ില്ല

മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് പഞ്ചായത്തിൽ നിലവിൽ സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ കരാറുകാർക്കിടയിൽ അനാരോഗ്യകരമായ മത്സരം നിലനിന്നിരുന്നതായും അസാധാരണമാംവിധം കുറഞ്ഞ നിരക്കുകളിൽ (20% - 35%) കരാറുകാർ ടെണ്ടർ എറ്റെടുത്തിട്ടുള്ളതായും കണ്ടു. ഇത്തരത്തിൽ കുറഞ്ഞ നിരക്കുകളിൽ ടെണ്ടർ ഏറ്റെടുക്കുകയാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് ഉത്തര/ദക്ഷിണ/നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെയോ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയോ രേഖാമൂലം അറിയിക്കണമെന്നും, ആയത് പ്രസ്തുത മേലുദ്യോഗസ്ഥർ മോണിട്ടർ ചെയ്യണമെന്നും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരുന്നെങ്കിലും (04.10.18-ലെ ഡിബി6/10971/2013/സിഇ/തസ്വഭവ നമ്പർ സർക്കുലർ) പ്രസ്തുത നിർദ്ദേശം നടപ്പാക്കിയിട്ടില്ല. പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയതിനുശേഷം മോണിട്ടറിംഗ് സമിതിയായി രൂപാന്തരപ്പെടുകയോ, പ്രവൃത്തികളുടെ നിർവ്വഹണം മോണിട്ടർ ചെയ്യുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിലെ നൂറ് ശതമാനം വർക്കുകളും അസി.എക്സി.എഞ്ചിനീയർ പരിശോധിച്ച് അളവും, ഗുണനിലവാരവും ഉറപ്പുവരുത്തുന്നുണ്ടെന്ന് അസി.എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു. ഏറത്ത് ഗ്രാമപഞ്ചായത്തിൽ പശ്ചാത്തല മേഖലയിൽ ശരാശരി 8 കോടി രൂപയുടെ ഇരുന്നൂറോളം പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം 500-ൽപരം കെട്ടിട നിർമ്മാണ അപേക്ഷകൾ, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വാല്യുവേഷൻ എന്നിവയും രണ്ട് ഓവർസീയർമാരും, ഒരു അസി.എഞ്ചിനീയറും അടങ്ങുന്ന പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ശരിയായ ഗുണനിലവാര നിയന്ത്രണം സാധ്യമാക്കുക ദുഷ്കരമാണെന്ന കാര്യത്തിൽ തർക്കമില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എൽ.എസ്.ജി.ഡി. വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ വിഭാഗം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഈ വിഷയത്തിലേക്ക് ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

(4) റോഡ് മെയിന്റനൻസ് ഗ്രാ ന്റിന്റെ ദുരുപയോഗം

പഞ്ചായത്തിൽ മുൻവർഷങ്ങളിൽ എന്ന പോലെ തൻവർഷവും ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനാണ് റോഡ് സംരക്ഷണ ഗ്രാന്റിന്റെ സിംഹഭാഗവും ഉപയോഗിച്ചിട്ടുള്ളത് . റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് സർക്കാർ വിശദമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ് . ടാർ/കോൺക്രീറ്റ് റോഡുകളുടെ റീസർഫേസിംഗിനാണ് റോഡ് സംരക്ഷണ ഗ്രാന്റ് പ്രധാനമായും ഉപയോഗിക്കേണ്ടത്. സാധാരണഗതിയിൽ മെയിന്റനൻസ് ഗ്രാന്റ് പുതിയ നിർമ്മാണങ്ങൾക്ക് (പുതിയ റോഡ് കോൺക്രീറ്റിംഗ്, പുതിയ മെറ്റലിംഗ്, ടാറിംഗ് Etc.) ഉപയോഗിക്കാൻ വ്യവസ്ഥയില്ല. റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗിന് ഉപയോഗിക്കുന്നതിന് പഞ്ചായത്തിന്റെ റോഡുകളിൽ ഒന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്നുള്ള ഭരണ സമിതിയുടെ ഐകകണ്ഠ്യേനയുള്ള തീരുമാനം ആവശ്യമാണ് . ഇപ്രകാരമൊരു തീരുമാനം ഭരണസമിതി കൈകൊണ്ടിട്ടുള്ളതായി കണ്ടില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട പ്രധാന റോഡുകൾ ഉന്നത നിലവാരത്തിൽ റീസർ ഫേസിംഗ് നടത്തുന്നതിന് വിനിയോഗിക്കാമായിരുന്ന മെയിന്റനൻസ് ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനായി നേരിയ തോതിൽ വിന്യസിക്കുന്നത് മെയിന്റനൻസ് ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് നിരീക്ഷിക്കുന്നു .

നിർവ്വഹണ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള പ്രകാരം റോഡിന്റെ ഡ്രെയ്നേജ് , റീടാറിംഗ്, പാർശ്വഭിത്തി, ക്രോസ്സ് ഡ്രെയിൻ, വെള്ളക്കെട്ട് ഒഴിവാക്കൽ എന്നീ പ്രവൃത്തികളാണ് ഏറ്റെടുക്കുന്നതെന്നും, മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ നിർമ്മാണങ്ങളൊന്നും ഏറ്റെടുക്കുന്നില്ലെന്നും അസി.എഞ്ചിനീയർ ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി വിശദീകരിച്ചു.

(5) റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ., തീ. 29.03.17, ഖ.12.10(1)] ഓരോ തദ്ദേശ സ്ഥാപനവും ഗതാഗത മേഖലയിലെ പ്രോജക്ട് നിർവ്വഹിക്കുന്നതിന് റോഡ് കണക്ടിവിറ്റി ഭൂപടവും, പ്ലാനും തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി ഭൂപടവും, പ്ലാനും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നത്.

നടപ്പു വർഷം റോഡ് കണക്ടിവിറ്റി പ്ലാൻ 12 വാർഡുകളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ബാക്കി 5 വാർഡുകളിൽ നവംബർ 15-ന് മുമ്പ് പൂർത്തീകരിക്കുന്നതാണെന്നും അസി.എഞ്ചിനീയർ അറിയിച്ചു.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുതലായ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് 2015-16 മുതൽ 2021-22 വരെ കാലയളവിൽ ഏറ്റെടുത്ത ചുവടെ ചേർക്കുന്ന 25 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും, പൂർത്തിയാക്കിയ പ്രവൃത്തികളുടെ സംഗതിയിൽ ഏജൻസികളിൽ ചെലവാകാതെ അവശേഷിക്കുന്ന തുക എത്രയെന്നും, ബാലൻസ് തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നം. | ഡെപ്പോസിറ്റ് വർഷം | പ്രോജക്ട് നം. | പ്രോജക്ട് | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | 2015-2016 | 268 | നാരകത്തുംവിള മാണിയക്കോട്-പൂക്കോട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 150000 |
| 2 | 2016-2017 | 102 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 3556400 |
| 3 | 2016-2017 | 104 | പൈപ്പ് ലൈൻ നീട്ടൽ | 1196400 |
| 4 | 2016-2017 | 159 | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 1040375 |
| 5 | 2016-2017 | 160 | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ | 2177178 |

| | | | | |
|---|---|---|---|---|
| 6 | 2017-2018 | 250 | സ്ട്രീറ്റ്ലൻ നീട്ടൽ | 1687858 |
| 7 | 2017-2018 | 256 | പൈപ്പ് ലൈൻ നീട്ടൽ | 300000 |
| 8 | 2017-2018 | 1 | തെരുവ് വിളക്കുകൾക്ക് മീറ്റർ | 848000 |
| 9 | 2017-2018 | 2 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 217300 |
| 10 | 2017-2018 | 3 | പൈപ്പ് ലൈൻ നീട്ടൽ | 103600 |
| 11 | 2018-2019 | 55 | തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 200000 |
| 12 | 2018-2019 | 275 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 228250 |
| 13 | 2018-2019 | 184 | പൈപ്പ് ലൈൻ നീട്ടൽ | 140000 |
| 14 | 2019-2020 | 268 | പി.എച്ച്.സി ക്ക് കുഴൽ കിണർ നിർമ്മാണം | 152000 |
| 15 | 2019-2020 | 294 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 16600 |
| 16 | 2019-2020 | 295 | ബദാംമുക്ക് അന്തിച്ചിറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 310000 |
| 17 | 2019-2020 | 289 | തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 300000 |
| 18 | 2019-2020 | 290 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 110531 |
| 19 | 2020-2021 | 48 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1214300 |
| 20 | 2020-2021 | 278 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 403589 |
| 21 | 2020-2021 | 381 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - കണക്ഷൻ തുക ഡെപ്പോസിറ്റ് ചെയ്യൽ | 135360 |
| 22 | 2021-2022 | 178 | ശിവവിലാസം കോളനി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 299484 |
| 23 | 2021-2022 | 179 | ചരുവിൽ കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 149695 |
| 24 | 2021-2022 | 180 | വെള്ളകുളങ്ങര പുന്തലപ്പടി റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 199680 |
| 25 | 2021-2022 | 244 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 121283 |

ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരവും, ഡെപ്പോസിറ്റ് തുകകളുടെ ക്രമീകരണവും രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ " കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട്" (പ്രോജക്ട് നം.53/2022) എന്ന പ്രോജക്ട് പ്രകാരം 600000രൂപ സിഡിഎസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

200യൂണിറ്റുകൾക്ക് 3000രൂപ പ്രകാരം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ 162 യൂണിറ്റുകൾക്ക് 486000 രൂപ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 114000 ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചുവരുന്നു.

ചെലവ് മുൻകൂട്ടിക്കണ്ട് വികസനഫണ്ട് പിൻവലിച്ചതും, ചെലവഴിക്കാത്ത തുക അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കുന്നതും ധനവിനിയോഗ മാർഗ്ഗരേഖയുടെ [ജി.ഒ.(പി) നം.177/2006ഫിൻ.തീയതി 12.04.2006] ലംഘനമാണ്.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനും, തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനുമായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് 26.10.2022ൽ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച 162 അയൽക്കൂട്ടങ്ങൾക്കാണ് തുക നൽകിയതെന്നും, അവശേഷിച്ച 38ഗ്രൂപ്പുകൾ നിലവിൽ മാനദണ്ഡം പാലിക്കുന്നതിനാൽ ഉടൻതന്നെ തുക വിതരണം ചെയ്യുന്നതാണെന്നും മറുപടി നൽകി. തുക പൂർണ്ണമായി വിനിയോഗിച്ച്, വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 പഠനമുറി - അർഹത ഉറപ്പുവരുത്താതെ ആനുകൂല്യം നൽകി

ഗുണഭോക്താവിന്റെ അർഹത ഉറപ്പുവരുത്താതെയും നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താതെയും ആനുകൂല്യം നൽകി. അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ " പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി (പന്ത്രണ്ടിന പരിപാടി)" (116/2022) എന്ന പ്രോജക്ട് പ്രകാരം കുമാരി സബിത D/o ശ്രീമതി ബിന്ദു എസ്., മലയുടെ വടക്കേതിൽ, മണക്കാല എന്ന വ്യക്തിക്കാണ് പഠനമുറി നിർമ്മിക്കുന്നതിന് രണ്ടു ലക്ഷം രൂപ അനുവദിച്ചത്. ആനുകൂല്യം നൽകുന്നതിനു മുൻപായി ഗുണഭോക്താവിൽനിന്നും ചുവടെ പറയുന്ന രേഖകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയില്ല.

1. കുമാരി സബിത വിദ്യാർത്ഥിയാണെന്നു പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന്, ടിയാൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകുന്ന സാക്ഷ്യപത്രം
2. ബ്ലോക്ക് പഞ്ചായത്തിൽനിന്നോ പട്ടികജാതി വകുപ്പിൽനിന്നോ ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം
3. പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതായി എൽഎസ്ജിഡി എഞ്ചിനീയറിംഗ് വിഭാഗം നൽകുന്ന സാക്ഷ്യപത്രം

മേൽപ്പറഞ്ഞ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് 26.10.2022ൽ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി നൽകിയില്ല. രേഖകളില്ലാതെ ചെലവഴിച്ച 200000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 അഗതികൾക്ക് ക്ഷേമപ്പെൻഷൻ നൽകുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ, അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് അർഹമായ ക്ഷേമപ്പെൻഷൻ നൽകുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | മേൽവിലാസം | വാർഡ്/വീട്ടു നമ്പർ |
|---|---|---|---|
| 1. | തങ്കപ്പൻ | കിഴക്കേടത്ത് വീട് | 12 / 166 |
| 2. | അജിത എസ് | കൊച്ചുവിളയിൽ, വെള്ളക്കുളങ്ങര | 3 / 79 |
| 3. | ലിസ്സി ബിജു | തെക്കേക്കര പുത്തൻവീട് | 3 /73 |
| 4. | കമലം പീറ്റർ | മോസസ് ഫാമിലി, ചൂരക്കോട് | 13 / 179 |
| 5. | ചിന്നമ്മ | ദൈവവിള, ഉവയൂർ | 15 /361 |
| 6. | ചെല്ലമ്മ | മണവേലിൽ, ചൂരക്കോട് | 13 /184 |
| 7. | ദേവയാനി | സൂര്യ നിവാസ് | 16 /191 |
| 8. | ചെല്ലപ്പൻ | കണിച്ചേരി മേലേതിൽ | 16 /175 |
| 9. | മേരിക്കുട്ടി | കൊച്ചുതുണ്ടിൽ പുത്തൻവീട് | 16 /516 |
| 10. | കുട്ടി | മൂവക്കോട് | 13 /462 |
| 11. | ലിസ്സി | കൊച്ചയ്യത്ത് | 7 /72 |
| 12. | തങ്കമ്മ | മാങ്കൂട്ടത്തിൽ | 16 / 183 |
| 13. | സദാനന്ദൻ | തറയിൽ പുത്തൻവീട് | 10 /451 |
| 14. | വെളുമ്പി | ചെട്ടിയത്ത് വീട് | 2 / 187 |
| 15. | ശ്രീലേഖ | കുനംപ്ലാവിളയിൽ വീട് | 16 / 391 |
| 16. | മണി | മാമ്മൂട്ടിൽ | 6 / 182 |
| 17. | ലില്ലി | തെങ്ങുവിളയിൽ | 6 /193 |
| 18. | സാംകുട്ടി | തെങ്ങുവിള താഴത്തതിൽ | 6 /Nil |
| 19. | തങ്കമ്മ | കലതിവിളയിൽ | 6 /311 |
| 20. | സുമംഗല | തെങ്ങുംവിള | 8 /80 |

അഗതിരഹിതകേരളം പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്).നം.252/2017 തസ്വഭവ തീയതി 12.12.2017] ഖണ്ഡിക നം.4.1.4ൽ ക്ഷേമപ്പെൻഷൻ സംബന്ധിച്ച് ചുവടെ പറയും പ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റ് പെൻഷനുകളും അനുവദിക്കുന്നതിന് ഉയർന്ന മുൻഗണന നൽകണം.
2. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കണം.
3. പദ്ധതി കുടുംബങ്ങളിലെ അർഹരായവർക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് ഏതെങ്കിലും ഒരു ക്ഷേമപ്പെൻഷൻ ലഭിക്കുന്നുവെന്ന് സിഡിഎസ് ഉറപ്പാക്കണം.
4. മെഡിക്കൽ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ തയ്യാറാക്കുന്നതിനും യാത്രാ ചെലവുകൾക്കും ആവശ്യമായ തുക, പദ്ധതിയുടെ റിസർവ് ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്.

സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടും അഗതികൾക്ക് അർഹമായ ക്ഷേമപ്പെൻഷൻ നൽകാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി പദ്ധതിയുടെ മെമ്പർ സെക്രട്ടറികൂടിയായ അസിസ്റ്റന്റ് സെക്രട്ടറിക്ക് 31.10.2022ൽ ഓഡിറ്റ് എൻക്വയറി (നം.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നൽകിയ ആകെ തുക | അവസാന ഗഡു നൽകിയ തീയതി |
|---|---|---|
| ഉഷ, ശിവവിലാസം, ചൂരക്കോട് | 2,00,000 | 27.01.2020 |
| തബീദ, പുത്തൻവിളയിൽ, മണക്കാല | 2,00,000 | 11.02.2019 |
| അംബികാ ദേവി, വല്യന്റയ്യത്ത്, വടക്കിടത്ത് കാവ് | 2,00,000 | 17.02.2020 |
| പൊന്നമ്മ, നാരകത്തുംവിളയിൽ, ചൂരക്കോട് | 40,000 | 26.03.2021 |

ടി ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ആയതിന് കഴിയാതെ വന്നാൽ നൽകിയ തുക ഉചിത മാർഗ്ഗേന തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-29 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി), മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2021-22 സാമ്പത്തിക വർഷം മരുന്നുകൾ വാങ്ങുന്നതിന് KMSCL, ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ് അക്കൗണ്ട് നമ്പർ 34306403911) എന്നീ ഏജൻസികൾക്ക് തുക കൈമാറിയതിൽ 236104/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ പേര്/ നമ്പർ | അടച്ച തുക | ബിൽ നം, തീയതി | ലഭ്യമാക്കിയ മരുന്നിന്റെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | പാലിയേറ്റീവ് കെയർ, പന്ത്രണ്ടിന പരിപാടി, 08/22 | 499999 | 416/22.02.22 | 375777 | 124222 |
| | വയോജനങ്ങൾക്ക് ആവശ്യമായ മരുന്നും ഉപകരണങ്ങളും , | 199933 | 89/17.08.21 | 193880 | 6053 |

| | | | | | |
|---|---|---|---|---|---|
| | 59/22 | | | | |
| | പി.എച്ച്.സി ക്ക് ആവശ്യമായ മരുന്നുവാങ്ങൽ, 52/22 | 143348 | 88/17.08.21 | 137519 | 5829 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ, പ്രൊജക്ട് നം. S0067/22 | 100000 | 265/13.12.21 | 0 | 100000 |
| | ആകെ | 943280 | | 707176 | 236104 |

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കു വരുത്തിയില്ല. പിഴപ്പലിശ ഇനത്തിൽ നഷ്ടം

അസിസ്റ്റന്റ് എൻജിനീയർ കേരളാ വാട്ടർ അതോറിട്ടി, പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർക്ക് 15-09-2022 തീയതിയിൽ സമർപ്പിച്ച WSSC01/2009നമ്പർ കത്ത് പ്രകാരം പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ വാട്ടർ ചാർജ്ജ് ഇനത്തിൽ 280391 രൂപ കുടിശ്ശികയുണ്ട്. വാട്ടർ അതോറിട്ടിയുടെ ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ കണക്ഷനിലെ കുടിശ്ശിക തുക കുറവ് ചെയ്യാവുന്നതാണെന്നും അദാലത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനായി മേൽ തുക 26-09-22 ന് മുൻപായി ഒടുക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കൺസ്യൂമർ.നം | നിലവിലെ കുടിശ്ശിക | കുറവ് ചെയ്യാവുന്ന തുക | ഒടുക്കേണ്ട തുക | മീറ്റർ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | ERT/ 199 /N | 13405 | 8241 | 5164 | പ്രവർത്തിക്കുന്നില്ല |
| 2 | ERT/262 /N | 5301 | 434 | 4867 | പ്രവർത്തിക്കുന്നു |
| 3 | ERT/ 196 /N | 12208 | 7058 | 5150 | പ്രവർത്തിക്കുന്നില്ല |
| 4 | ERT/ 260 /N | 108467 | 85987 | 22480 | പ്രവർത്തിക്കുന്നില്ല |
| 5 | ERT/197 /N | 9175 | 3919 | 5256 | പ്രവർത്തിക്കുന്നില്ല |
| 6 | ERT/264 /N | 5051 | 381 | 4670 | പ്രവർത്തിക്കുന്നു |
| 7 | ERT/ 193 /N | 13470 | 6715 | 6755 | പ്രവർത്തിക്കുന്നില്ല |
| 8 | ERT/366 /N | 13518 | 7018 | 6500 | പ്രവർത്തിക്കുന്നില്ല |
| 9 | ERT/194 /N | 10937 | 5437 | 5500 | പ്രവർത്തിക്കുന്നില്ല |
| 10 | ERT/261 /N | 5014 | 1000 | 4014 | പ്രവർത്തിക്കുന്നു |
| 11 | ERT/ 200 /N | 12012 | 4200 | 7812 | പ്രവർത്തിക്കുന്നില്ല |
| 12 | ERT/ 263 /N | 8610 | 3610 | 5000 | പ്രവർത്തിക്കുന്നില്ല |
| 13 | ERT/192 /N | 42521 | 20561 | 21960 | പ്രവർത്തിക്കുന്നില്ല |
| 14 | ERT/ 195 /N | 11125 | 6898 | 4227 | പ്രവർത്തിക്കുന്നില്ല |
| 15 | ERT/ 201 /N | 9577 | 6183 | 3394 | പ്രവർത്തിക്കുന്നില്ല |
| ആകെ | - | 280391 | 167642 | 112749 | പ്രവർത്തിക്കുന്നില്ല |

ടി വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 31-10-22 തീയതിയിൽ ചെക്ക് നം. 552485പ്രകാരം 90269 രൂപ വാട്ടർ അതോറിട്ടിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

വാട്ടർ ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക തുക എന്നു മുതലുള്ളതാണെന്നോ, ഏത് അംഗൻവാടികളിൽ നിന്നുള്ള ബിൽ പ്രകാരമാണെന്നോ, പിഴപ്പലിശ എത്രയാണെന്നോ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്കോ, സെക്രട്ടറിക്കോ നിശ്ചയമില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നമ്പർ-22/2022 /29-10-2022) ഐ.സി.ഡി.എസ്.സൂപ്പർവൈസറായി ചാർജ്ജെടുത്തത് 2020 ജനവരി 21 ന് ആണെന്നും കുടിവെള്ള പൈപ്പുകളിൽ നിന്നും യഥാസമയം ജലം ലഭിക്കുന്നില്ല എന്നും, മീറ്റർ പ്രവർത്തന രഹിതമാണെന്നും, പൈപ്പുകൾ

തുരുമ്പെടുത്തു പോയിട്ടുള്ളതാണെന്നും, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 06-03-22 ൽ പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ടെന്നും ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.

അംഗൻവാടികളിൽ നിന്നുമുള്ള വാട്ടർ ചാർജ്ജ് ഇനത്തിലുള്ള ബില്ലുകൾ യഥാസമയം പഞ്ചായത്തിൽ സമർപ്പിക്കാതിരുന്ന ഐ.സി.ഡി.എസ്.സൂപ്പർവൈസറും, വിട്ടുകിട്ടിയ സ്ഥാപനം എന്ന നിലക്ക് അംഗനവാടികളുടെ വാട്ടർ ചാർജ്ജ് ഇനത്തിലുള്ള ബില്ലുകൾ യഥാസമയം പഞ്ചായത്തിൽ സമർപ്പിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെടാതിരുന്ന സെക്രട്ടറിയും മേൽ നഷ്ടത്തിന് ഒരുപോലെ ഉത്തരവാദികളാണ്.

ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 15 അംഗൻവാടികളിൽ 12 അംഗൻവാടികളും കേടായ മീറ്ററിൽ പ്രവർത്തിക്കുന്നവയാണ്. ടി മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും, ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്ന കുടിശ്ശിക തുക ഒടുക്കുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-31 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനും വെളിയിട വിസർജ്ജനമുക്ത പ്രോഗ്രാമിനും ചെലവഴിക്കുന്നതിനാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മറ്റ് ആവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കുന്നതിന് നിലവിൽ അനുവാദമില്ല. എന്നാൽ ഗ്രാമപ്പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ കുടിവെള്ളച്ചാർജ്ജ് അടയ്ക്കുന്നതിന് പ്രസ്തുത ഗ്രാന്റ് വകയിരുത്തി "വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ " എന്ന പ്രോജക്ട് ആവിഷ്കരിക്കുകയും 1640120രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അനുവദനീയമല്ലാത്ത മേഖലയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റിയത് സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 591/2021 തീയതി 25.02.2021ന്റെ ലംഘനമാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-32 വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു

വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് വനിതാ ഘടക പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്ന പദ്ധതികൾ സംബന്ധിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, വാഴക്കൃഷി വികസനം, കിഴങ്ങ് വർഗ്ഗ കൃഷി വികസനം, വനിതകൾക്ക് കിടാരി വളർത്തൽ, വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്നീ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച മാർഗ്ഗരേഖാ നിർദ്ദേശങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല. പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/ നം | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 246000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 246000 | 0 |
| | | 600000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം (ജനറൽ) | 600000 | 0 |
| | | 134717 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 134717 | 0 |
| | | 40345 | ലൈഫ് ഭവന പദ്ധതി | 40345 | 0 |
| | | 173100 | വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണം (303/22) | 173100 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 499999 | പാലിയേറ്റിവ് കെയർ പന്ത്രണ്ടിന പരിപാടി | 499999 | 0 |
| | | 293000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 293000 | 0 |
| | | 700000 | ഇടവിള കൃഷി പ്രോൽസാഹനം (88/22) | 700000 | 0 |
| | | 281061 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 281061 | 0 |
| | | 200000 | ലൈഫ് ഭവന പദ്ധതി - ഭവന രഹിതർക്ക് ധനസഹായം (എസ്.സി.പി ) | 200000 | 0 |
| | | 50000 | സ്നേഹ സ്വാന്തനം- സ്വാന്തന പരിചരണ പദ്ധതി | 50000 | 0 |
| | | 1459655 | ലൈഫ് ഭവന പദ്ധതി | 1459655 | 0 |
| | | 2260000 | ലൈഫ് ഭവന പദ്ധതി (എസ്.സി വിഭാഗം അധിക ഗുണഭോക്താക്കൾക്ക് ആനുകൂല്യം | 2260000 | 0 |

| | | | | |
|---|---|---|---|---|
| | | നൽകൽ) | | |
| | 3980000 | ലൈഫ് ഭവനരഹിതർക്ക് ധനസഹായം (എസ്.സി.പി ) | 3980000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| KSEB | ശിവ വിലാസം കോളനി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 299484 | 0 | 299484 |
| | ചരുവിൽ കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 149695 | 0 | 149695 |
| | വെള്ള കുളങ്ങര- പുന്തലപ്പടി റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 199680 | 0 | 199680 |
| | ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 121283 | 0 | 121283 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (KURDFC) | സ.ഉ.(കൈ) നം.100/2018/ തസ്വഭവ തീയതി 30/07/2018 | 33737056 | 29073056 | 3080000 | | 25993056 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2009-10 | | 2125 | ശ്രീ .പ്രസാദ്, സെക്രട്ടറി |
| 2018-19 | | 18600 | ശ്രീ രാജേഷ് .കെ, കരാറുകാരൻ |
| ആകെ | 3-25 | 20725 | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1990-00 | | | | നിലവിലില്ലാത്ത ബ്ലക്ക് നിർമ്മാണ യൂണിറ്റിന്റെ പേരിൽ 50000 രൂപ ധനസഹായം നൽകി |
| 2000-01 | 30 | | | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് |
| 2000-01 | | | | എഞ്ചിനീയർമാർക്കുള്ള റമ്യൂണറൈസേഷൻ അധികം കൊടുത്തു (45467) |
| 2000-01 | | | | കുറിയിൽപ്പടി റോഡ് ടാറിംഗ് |
| 2014-15 | 2-1 | | | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-9 | | | തൊഴിൽ നികുതി അപാകതകൾ |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 127048047 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122712820 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 200000 | ശ്രീമതി ഷൈലജ കെ., അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈലജ കെ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുളനട ഗ്രാമപ്പഞ്ചായത്ത് | കാവേരി ഭവൻ, പൂവറ്റൂർ വെസ്റ്റ്, മാവടി പി.ഒ. 691507 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി3- 771/9, തീയതി: 03.06.98 | 2(14,19) |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി3-66/98, തീയതി 08.07.98 | 3(27,31,33) |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-590/98, തീയതി 07.04.99 | 1(9) |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി4-148/07, തീയതി 04.12.07 | 1(2-2) |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-606/00, തീയതി 14.08.01 | 3(14,15,17) |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2-704/02, തീയതി 31.03.03 | 5(21,24,25,29,30) |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി4-703/06, തീയതി 05.12.06 | 4(2-3,2-4,2-5,2-7) |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2-751/04, തീയതി 05.04.05 | 4(3-4,3-5,3-6,3-7) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി10-474/08, തീയതി 27.02.10 | 8(2-3,3-6,3-7,3-8,3-10,3-12) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി10-479/08, തീയതി 30.03.10 | 15(2-6,3-3,3-4,3-5,3-7,3-8,3-9,3-10, 3-12,3-13,3-14,3-15,3-16,3-17,3-19 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി10-240/10, തീയതി 06.01.11 | 14(2-3,3-1,3-4,3-5,3-6,3-8,3-9,3-10,3-11, 3-12,3-13,3-15,3-16,3-19) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി4-392/11, തീയതി 22.11.12 | |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി10-1113/12, തീയതി 20.03.13 | 21(2-1,2-2,2-3,2-4,2-6,2-7,2-8,2-9,2-10,3-3, 3-5,3-8,3-11,3-28,3-39,3-30, (2)3-32,3-37,3-39,3-40,3-41) |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എ.പി10-588/14, തീയതി 27.10.14 | 5 (2-3,3-9,3-13,3-16,3-18) |
| 2013-14 | എൽഎഫ്.പി.റ്റി.എ.പി10/322/15, തീയതി 12.06.15/13.07.15 | 3(3-2,3-13,3-14) |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി10-775/15, തീയതി 26.08.2015 | 6(2-1,3-1,3-6,3-8,3-12,3-13) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.10.1321/16, തീയതി 07.12.16 | 4(2-4(1)2-5,2-9,3-3 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.10.669/17, തീയതി22.06.2017 | 2(2-4,3-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി.10/1357/18, തീയതി,24.10.18 | 17(2-2,2-4,2-5,2-6,2-7,3-1,3-2,3-4,3-5, 3-7,3-8,3-10,3-12,3-13,3-14,3-15,3-17) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി.10/604(എ)/19 തീയതി 08.08.19 | 22 (2-1,2-4,2-6,2-7(3)3-1,3-2,3-4,3-8,3-9, 3-10(2)3-13,3-19,3-20,3-21,3-23,3-24,3-25, 3-26,3-28,3-30,3-32,3-36) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.10/259 | |

| | | |
|---|---|---|
| | /21,തീയതി15.04.2021 | |
| 2020-21 | കെ.എസ്.എ/പി.റ്റി.എ /പി10/380/22, തീയ്യതി 06/05/2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്